**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4793**

**27.06.2014-ൽ മറുപടിക്ക്**

## നെല്ലിയാമ്പതിയിലെ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിലെ തരിശുഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) നെല്ലിയാമ്പതിയിലെ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ എത്ര ഏക്കർ തരിശുഭൂമിയാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | എ) | ആകെ 338.60 ഏക്കർ തരിശുഭൂമിയാണ് നിലവിലുള്ളത് |
| ബി) ഫാമിന്റെ അധീനതയിലുള്ള തരിശു ഭൂമി കൃഷി യോഗ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ: ഇതിനായി അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം നൽകുമോ: | ബി) | 7 ഏക്കറിൽ പുതിയതായി പാഷൻ ഫ്രൂട്ട് കൃഷിയും 5 ഏക്കറിൽ ലെമൺ ഓർച്ചാർഡും 35 ഏക്കറിൽ പേരയ്ക്കാതോട്ടം പുനർ നിർമ്മാണവും നടന്നു വരുന്നു. മേൽ വിളകളുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനായി 0.92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 10 ലക്ഷം രൂപ ചെലവഴിച്ച് പാഷൻ ഫ്രൂട്ട് പന്തലും നിർമ്മിച്ചിട്ടുണ്ട്. |
| സി) നിലവിലുള്ള തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | സി) | ഉണ്ട്. വന്യമൃഗങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിനായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ്, ഫാം റോഡ് നിർമ്മാണം, ജലസേചനത്തിനായി തടയണ നിർമ്മാണം എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ 925 ലക്ഷം രൂപയുടേയും ആർ.ഐ.ഡി.എഫ്.-ൽ 525 ലക്ഷം രൂപയുടേയും പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**